**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1534** **07-10-2021 - ൽ മറുപടിയ്ക്ക്**

**മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി കാനത്തിൽ ജമീല | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |
| (ബി) | മാരിടൈം ബോർഡുമായി സഹകരിച്ച് സംസ്ഥാനത്തെ ഏതെല്ലാം തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്ത് 74 മീറ്റർ നീളത്തിൽ പുതിയ വാർഫ് നിർമ്മിച്ചിട്ടുണ്ട്. ഇവിടെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നുണ്ട്. അഴീക്കലിൽ ശുദ്ധജല വിതരണത്തിന് 2 കോടി രൂപ ചെലവു വരുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവിടെ ഡ്രഡ്ജിംഗ് നടത്തി ആഴം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കി വരുന്നു. ബേപ്പൂരിൽ CFS നിർമ്മിക്കുന്നതിന് 1.29 ഹെക്ടർ ഭൂമി ഏറ്റെടുത്തു. 150 മീറ്റർ നീളമുള്ള ഒരു പുതിയ വാർഫ് നിർമ്മിക്കുന്നതിന് പഠനം നടത്തിയിട്ടുണ്ട്. വിഴിഞ്ഞത്ത് സീവേർഡ്, ലീവേർഡ് വാർഫുകളുടെ അറ്റകുറ്റപണികൾ നടത്തി വരുന്നു. ഈ തുറമുഖങ്ങൾക്ക് ISPS കോഡ് മാനദണ്ഡമനുസരിച്ചുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ തുറമുഖങ്ങളിൽ ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (സി) | അഴീക്കൽ തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | അഴീക്കൽ തുറമുഖത്ത് 2021 ജൂലൈ മാസം മുതൽ കപ്പൽ ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകൾക്ക് ശുദ്ധജലവിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപ അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ, ഇമിഗ്രേഷൻ ചെക്ക് പോയിന്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിക്കുകയും റെസ്റ്റ് ഷെഡ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ആഴം കൂട്ടുന്നതിന് ഡ്രഡ്ജിംഗ് ആരംഭിച്ചു. പുതിയ തുറമുഖം നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കിവരുന്നു. |
| (ഡി) | സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളെ ചരക്കുനീക്കത്തിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനും രാജ്യാന്തര തുറമുഖങ്ങളുമായി സഹകരണം ഉറപ്പാക്കുന്നതിനുമായി നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ? | (ഡി) | കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനുള്ള നിർമ്മാണ / നവീകരണ പ്രവർത്തനങ്ങളും ഐ.എസ്.പി.എസ് കോഡ് പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങളും ഘട്ടംഘട്ടമായി എത്രയും വേഗം നടപ്പിലാക്കി തുറമുഖങ്ങളെ പൂർണ്ണസജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ